ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ ദന്തൽ കോളേജുകളിൽ പ്രൊഫസർമാർ വരെയുള്ള തസ്തികയിൽ പ്രൊമോഷൻ നടത്തുന്നത് ദന്തൽ കൗൺസിൽ മാനദണ്ഡങ്ങൾ പ്രകാരം പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ്.

(ബി) ബാധകമല്ല.

ഡെന്റൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് രൂപീകരണം

112 (3545) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. വി. ശിവൻകുട്ടി :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡെന്റൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രത്യേക ഡയറക്ടറേറ്റ് രൂപീകരണം ദന്താരോഗ്യമേഖലയെ പ്രതികൂലമായി ബാധിക്കുമെന്ന ആക്ഷേപം സംബന്ധിച്ച് വിശദമായ പരിശോധന നടത്താൻ തയ്യാറാകുമോ ;

(സി) ഇക്കാര്യത്തിൽ ആരോഗ്യവകുപ്പ് സെക്രട്ടറി വിയോജനം രേഖപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ അത് എന്തെന്ന് അറിയിക്കുമോ ;

(ഡി) ഇതുസംബന്ധിച്ച് ഡെന്റൽ ഡോക്ടർമാർ എന്തൊക്കെ ആശങ്കകളാണ് ഉന്നയിച്ചതെന്നും അതിനോടുള്ള സർക്കാരിന്റെ പ്രതികരണമെന്തെന്നും അറിയിക്കാമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി&സി) ബാധകമല്ല.

(ഡി) ഡെന്റൽ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനെതിരെ ഗവൺമെന്റ് ഡെന്റൽ കോളേജ് സ്റ്റുഡന്റ്സ് യൂണിയൻ, കേരള ഗവൺമെന്റ് ഡെന്റൽ കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ എന്നീ സംഘടനകൾ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly